| | |
|---|---|
| CE | |
| DCE | |
| EE | |
| AEE | |
| AA | |
| JS | |

**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ-ടെണ്ടറിംഗ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ (സാധ) നമ്പർ 53 /2015/തസ്വഭവ** **തീയതി, തിരുവനന്തപുരം. 07.01.2015**

---

പരാമർശം :- 03/12/2014ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1-ാം തീരുമാനം.

## ഉത്തരവ്

ഇ-ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവർത്തികൾ തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളിൽ നടപ്പിലാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 3/1/2014ൽ
കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി
യോഗത്തിൽ എല്ലാ ജില്ലാ പഞ്ചായത്തുകളിലും എല്ലാ കോർപ്പറേഷനുകളിലും ഇ-ടെണ്ടർ
നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും എന്നാൽ 978 ഗ്രാമപഞ്ചായത്തുകളിൽ 41ലും 60
മുനിസിപ്പാലിറ്റികളിൽ 28 ലും മാത്രമാണ് ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്നും
5 മുനിസിപ്പാലിറ്റികളിൽ കോടതി ഉത്തരവു മൂലം ഇ-ടെണ്ടർ നടപടി സ്റ്റേ
ചെയ്തിട്ടുണ്ടെന്നും, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തു.
എഞ്ചിനീയർമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടും, 323 തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാർ
ഗൗരവപൂർവ്വം വീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ ഇ-ടെണ്ടർ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരിൽ നിന്ന് വിശദീകരണം തേടി
ആയതുമായി ബന്ധപ്പെട്ട അനന്തരനടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട്
കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

കൂടാതെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രത്യേക
സാഹചര്യത്തിൽ നടപ്പു വർഷം ഇ-ടെണ്ടർ അവലംബിക്കാൻ കഴിയുന്നില്ലെങ്കിൽ അതു
കാര്യകാരണസഹിതം വിശദീകരിച്ച്, ഭരണസമിതി തീരുമാനം കൈക്കൊണ്ട്, മാനുവൽ
ടെണ്ടർ അനുവർത്തിക്കാവുന്നതാണ്. എന്നാൽ ഈ ആനുകൂല്യം 2014-15 വർഷത്തേക്ക്
മാത്രമേ ബാധകമാക്കുകയുള്ളൂ. 2015-16 ൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും
ഇ-ടെണ്ടർ തന്നെ അവലംബിക്കേണ്ടതാണ്. ഈ വർഷം ഇ-ടെണ്ടർ നടപടി
പൂർത്തിയാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാനുവൽ ടെണ്ടറിലേക്ക് മടങ്ങി
വരുന്നത് ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**ജെയിംസ് വർഗീസ്**

*പ്രിൻസിപ്പൽ സെക്രട്ടറി*

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ